OFFICE OF THE DIRECTOR OF SOCIAL WELFARE
18 SEP 2010
43716

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് - പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്കുള്ള ധനസഹായം വർദ്ധിപ്പിച്ചുകൊണ്ടും ആനുകൂല്യം ലഭിക്കുന്നതിനുള്ള വാർഷിക കുടുംബ വരുമാന പരിധി ഉയർത്തി നിശ്ചയിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യക്ഷേമ (സി) വകുപ്പ്

സ.ഉ.(എം.എസ്)നം.66/2010/സാക്ഷേവ തിരുവനന്തപുരം, തിയതി:9/9/2010

പരാമർശം:- 1) 27/9/1995ലെ ജി.ഒ(എംഎസ്)39/95/എസ്.ഡബ്ല്യൂ.ഡി. നമ്പർ ഉത്തരവ്.
2) 16/9/2009ലെ സാമൂഹ്യക്ഷേമ ഡയറക്ടറുടെ സി1-1545/09 നമ്പർ കത്ത്.

## ഉത്തരവ്

സാമൂഹ്യക്ഷേമ വകുപ്പ് മുഖാന്തിരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതരായ ദമ്പതിമാർക്ക് നൽകി വരുന്ന 5000/-രൂപ സാമ്പത്തിക സഹായം വർദ്ധിപ്പിക്കണമെന്നും പ്രസ്തുത ധനസഹായം ലഭിക്കുവാനുള്ള അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധിയായി നിശ്ചയിച്ചിട്ടുള്ള 8000/-രൂപ നിരക്ക് കാലോചിതമായി ഉയർത്തി നിശ്ചയിക്കണമെന്നും പരാമർശം രണ്ട് പ്രകാരം സാമൂഹ്യക്ഷേമ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതരായ ദമ്പതിമാർക്ക് നൽകി വരുന്ന സാമ്പത്തിക സഹായം 5000/-രൂപയിൽ നിന്നും

30,000/-(മുപ്പതിനായിരം) രൂപയായി ഉയർത്തി നിശ്ചയിച്ച് കൊണ്ടും പ്രസ്തുത ആനുകൂല്യം ലഭിക്കുവാനുള്ള അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി 8000/-രൂപയിൽ നിന്നും 22,000/-(ഇരുപത്തിരണ്ടായിരം) രൂപയായി വർദ്ധിപ്പിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം

കെ.നളിനകുമാരി,
അഡീഷണൽ സെക്രട്ടറി.

സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ, (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം.
എല്ലാ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്കും
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
തദ്ദേശസ്വയംഭരണവകുപ്പ്.
ധനകാര്യ വകുപ്പ് (Vide 55782/WW2/10/ ധന, തീയതി 13/8/2010)
പൊതുജന വിവര സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
ലൈബ്രേറിയൻ, പബ്ലിക്ക് ലൈബ്രറി, തിരുവനന്തപുരം.
പകർപ്പ്:- സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രിയുടെ പി.എസ് സിന്
സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്.
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

R. Vijayalu

സെക്ഷൻ ഓഫീസർ